രണ്ടാമത്തെ പരാതി, ശ്രീ. പി. സി. ജാർജ്ജ് എന്നു പറയുന്ന ഒരു ക്ലാർക്കിനെ, കളക്ടറേറ്റ് ആഫീസിൽ വിളിച്ചു വരുത്തി, വളരെ മൂഡായി പെരുമാറി എന്നാണ്. അതിനുവേണ്ട നടപടി എടുക്കുന്നതിനു്, കളക്ടറുടെ പേരിൽകോടതിയിൽ പരാതിപ്പെടുന്നതിനു് അനുവാദത്തിനപേക്ഷിച്ചിരിക്കുകയാണു്. ആ അപേക്ഷ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കോഴിക്കോട്ട കളക്ടറുടെപേരിലുള്ള പരാതി എന്തായിരുന്നു ; അതിനെപ്പറ്റി അന്വേഷണം നടത്തിയോ ?

ശ്രീ. ആർ. ശങ്കർ : കോഴിക്കോട്ട കളക്ടർ, അദ്ദേഹത്തിന്റെ പേഴ്സനൽ അസിസ്റ്റൻറ് ശ്രീ. ടി. വി. പദ്മനാഭക്കുറുപ്പിന്റെ കൈയിൽ ഒരു പാവയായി കഴിയുകയാണു്; അദ്ദേഹത്തിനു ഭരണപരിചയമില്ല എന്നൊക്കെയായിരുന്നു പരാതി. ആഫീസിൽ അദ്ദേഹത്തിന്റെ പെരുമാറ്റം ആശാസ്യമല്ല എന്നും പരാതിയുണ്ടായിരുന്നു. അതിനെപ്പറ്റി അന്വേഷിച്ചതിൽ അത്ര കാര്യമൊന്നും തോന്നിയില്ല. അങ്ങനെ അന്വേഷണം മതിയാക്കുകയാണുണ്ടായതു്.

ശ്രീ. ഈ. പി. ഗോപാലൻ : കോഴിക്കോട്ട കളക്ടറുടെ പേരിൽ ആക്ഷേപം തന്ന ആളിന്റെ പേരുണ്ടോ ; അതോ, ഊമക്കത്താണോ ?

ശ്രീ. ആർ ശങ്കർ : ഊമക്കത്താണോ, പെറ്റീഷനിൽ പേരുണ്ടോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

തൃശ്ശൂർ കളക്ടറെപ്പറ്റി പേരില്ലാത്ത ഒരു പരാതി കിട്ടിയതിൽ, അദ്ദേഹം വലിയ സമുദായവാദിയാണു്, വളരെ അഹങ്കാരിയാണു് എന്നെല്ലാം ഉണ്ടായിരുന്നു. കുറെ വിരോധം തോന്നിയാൽ ഇങ്ങനെ പേരു വയ്ക്കാതെ എന്തെങ്കിലും എഴുതി അയയ്ക്കുന്ന പതിവുണ്ടു്. അതിനെപ്പറ്റി അത്ര കാര്യമായി അന്വേഷിക്കാറില്ല. പിന്നെ ഒരു ചാർജ്ജുണ്ടായിരുന്നതു് അദ്ദേഹം അവിടെ ആരെയോ മനഃപൂർവ്വം ഉപദ്രവിക്കാൻ ചിലതൊക്കെ ചെയ്യുവരുന്നു എന്നാണു്. അതിൽ കാണുന്ന പേരു് കള്ളപ്പേരാണെന്നു തോന്നുന്നു. ഏതായാലും ഇതു രണ്ടും അങ്ങനെ ഉപേക്ഷിച്ചിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : കളക്ടറായിരിക്കാൻ ആവശ്യമുള്ള യോഗ്യതകൾ എന്തെല്ലാമാണു് ? വയസ്സിപ്പിയുണ്ടോ ; ഐ. എ. എസ്സു്. അല്ലാത്ത ആരെങ്കിലും കളക്ടറായി ജോലി നോക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : വയസ്സിപ്പി വച്ചിട്ടില്ല. എങ്കിലും ഐ. എ. എസ്സു്. സർവ്വീസിൽ പ്രവേശിച്ചു് അഞ്ചു്, അഞ്ചര കൊല്ലം കഴിഞ്ഞതിനുശേഷമേ കളക്ടറായി അയയ്ക്കാറുള്ളു. 30, 28, 29 ഈ പ്രായത്തിലുള്ള ചെറുപ്പക്കാർ ഇപ്പോൾ കളക്ടർമാരായിട്ടുണ്ടു്. 55 വയസ്സു കഴിഞ്ഞ ഒരാളും ഇപ്പോൾ ഉണ്ടു്. കുറേ പ്രായം കൂടുതലുള്ള ഒന്നുരണ്ടു പേരുണ്ടു്. അധികമാളുകളും ചെറുപ്പക്കാരാണു്. ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു ചെറുപ്പക്കാർ കളക്ടർമാരായി പോകേണ്ടിവരും. അങ്ങനെയാണിരിക്കുന്നതു്.

വ്യവസായ ശാലകൾ.

* 767 [11] ശ്രീ. പി. എസ്സ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ആകെയെത്ര വ്യവസായ ശാലകൾ ഉണ്ടു്;

(ബി) ഗവണ്മെൻറുടമയിൽ എത്ര; സ്വകാര്യ ഉടമയിൽ എത്ര;

(സി) അവയിൽ 1,000 തൊഴിലാളികളും അതിൽക്കൂടുതലും ജോലി ചെയ്യുന്ന വ്യവസായ ശാലകൾ എത്ര; അവ ഏതെല്ലാം വ്യവസായ ശാലകൾ ആണു്;

(ഡി) 100–ൽ, അതിൽ താഴെയും തൊഴിലാളികൾ ജോലി ചെയ്യുന്ന എത്ര വ്യവസായ ശാലകൾ ഉണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 2,597.

(ബി) കേന്ദ്ര ഗവണ്മെൻറും, സംസ്ഥാന ഗവണ്മെൻറും ഫാക്ടറീസ് ആക്ട്പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 50 (അൻപതു്) വ്യവസായ യൂണിറ്റുകളം നടത്തുന്നു. ബാക്കി 2,547 വ്യവസായ സ്ഥാപനങ്ങളം സഹകാര്യമേഖലയിലുണ്ടു്.

(സി) പേരുകളം അടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു് †

(ഡി) 2273 എണ്ണമുണ്ടു്.

വായന ശാലകളം

* 768 [12] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമുള്ള എത്ര വായനശാലകളം സംസ്ഥാനത്തുണ്ടു്;

(ബി) എത്രയെണ്ണത്തിനു ബിൽഡിംഗ് ഗ്രാൻറു് നൽകിയിട്ടുണ്ടു്;

(സി) ബിൽഡിംഗ് ഗ്രാൻറു നൽകുന്നതിനുള്ള എത്ര അപേക്ഷകളം ഗവണ്മെൻറിൻെറ കൈവശം തീരുമാനിക്കപ്പെടാതെ കിടപ്പുണ്ടു്;

(ഡി) കെട്ടിടം പണി തീർന്നിട്ടുള്ള എല്ലാ വായനശാലകൾക്കും ഗ്രാൻറു് 6 മാസത്തിനകം കൊടുക്കാൻ വേണ്ടതു ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ ആർ.ശങ്കർ): (എ) 1,043.

(ബി) 57 (അൻപത്തേഴു്).

(സി) പത്തു്.

(ഡി) അർഹതയുള്ള എല്ലാ വായനശാലകൾക്കും എത്രയുംവേഗം ഗ്രാൻറു കൊടുക്കുന്നതാണു്.

ശ്രീ. എം എം. മത്തായി: വായനശാലകൾക്കു ബിൽഡിംഗ് ഗ്രാൻറു കൊടുക്കുന്നതു് എന്തു മാനദണ്ഡം അനുസരിച്ചാണു്?

ശ്രീ. ആർ. ശങ്കർ: പ്രത്യേകിച്ചു മാനദണ്ഡമൊന്നും വച്ചിട്ടില്ല. കെട്ടിടങ്ങൾക്കു ചെലവാകുന്നതുകയുടെ ഒരു ചെറിയ ശതമാനം ഗ്രാൻറായി കൊടുക്കുന്നുണ്ടു്. പരമാവധി പതിനയ്യായിരം രൂപ എന്നു നിശ്ചയിച്ചിട്ടുണ്ടു്.

ശ്രീ. പി. സി. അരിച്ചൻ: ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള വായനശാലകെട്ടിടങ്ങൾക്കു് ഗ്രാൻറു കൊടുക്കുന്നുണ്ടോ?

ശ്രീ. ആർ. ശങ്കർ: ഇതിൽ പറയുന്നതു് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിലുള്ള വായനശാലകളുടെ കാര്യമാണു്.

ശ്രീ. പി. പി. കുഞ്ഞുണ്ണിനായർ: മലബാർ ഭാഗത്തുള്ള ലോക്കൽ ലൈബ്രറി അഥോറിട്ടിസിനു് ഈ ഗ്രാൻറുശരിക്കു കിട്ടുന്നില്ല. അവിടത്തെ ജോലിക്കാർക്കു ശമ്പളംകൊടുക്കാനും സാധിക്കുന്നില്ല. കേരളത്തിലുള്ള വായനശാലകളും, ലോക്കൽ ലൈബ്രറി അഥോറിട്ടിസു നടത്തുന്ന വായനശാലകളും ഏകീകൃതമായ ഒരു നിയമത്തിനു വിധേയമാക്കുമോ?

ശ്രീ. ആർ. ശങ്കർ: ലൈബ്രറി നിയമം ഏകീകരിക്കുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചുവരികയാണു്.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[Please See answer to Starred Question No. 767 (11)]

	രജിസ്ട്രേഷൻ നമ്പർ	വ്യവസായശാലയുടെ പേരും മേൽവിലാസവും	തൊഴിലാളികളുടെ എണ്ണം
1	കെ. യു. 25	മുസലിയാർ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഏനാദിമംഗലം, കൊല്ലം	1500
2	,, 92	കെ. ഗോപിനാഥൻ നായർ ആൻഡ് കമ്പനി, കാഷ്യൂഫാക്ടറി, തഴമേൽ, അഞ്ചൽ, കൊല്ലം	1500
3	,, 52	മെസ്സഴ്സ് കെ. പരമേശ്വരൻപിള്ള, കാഷ്യൂഫാക്ടറി, കടമ്പനാട്, കൊല്ലം,	1150
4	,, 68	കരുനാകാഷ്യൂകമ്പനി (ഡിവിഷൻ ആഫ് ഷൺമുഖവിലാസ് കാഷ്യൂഫാക്ടറി) അമ്പലത്തും കവല, എഴുകോൺ, കൊല്ലം	1000
5	ടി. സി. 619	ട്രാവൻകൂർ കാഷ്യൂപ്രോസസ്സിംഗ് കമ്പനി, എഴുകോൺ, കൊല്ലം	1000
6	കൃ 21	പാവ്വതിമിൽസ് (പ്രൈ) ലിമിറ്റഡ്, വടക്കുംഭാഗം വാർഡ്, കൊല്ലം	1200
7	കെ. ടി. 71	ജെമിനി സെയിൻസ് കാർപ്പറേഷൻ, ചാരുമ്മൂട്, കരിമുളക്കൽ, ചെനക്കര, ആലപ്പുഴ	1750
8	,, 72	ജെമിനി സെയിൻസ് കാർപ്പറേഷൻ, പനയിൽ, നൂറനാട്, ആലപ്പുഴ	1750
9	എ. ഡബ്ലിയു. 66	ട്രാവൻകൂർ റയോൺസ് ലിമിറ്റഡ്, റയോൺപുരം, എറണാകുളം	1500
10	,, 61	ദി ഫെർട്ടി ലൈസേഴ്സ് ആൻഡ് കെമിക്കൽസ് (ട്രാ) ലിമിറ്റഡ്, ഉദ്യോഗമണ്ഡൽ പി. ഓ., ഏലൂർ, ആലുവാ	3200
11	,, 80	ദി ടാറ്റാ ഓയിൽമിൽകമ്പനി ലിമിറ്റഡ്, ടാറ്റാപുരം, എറണാകുളം	1152
12	,, 211	അളഗപ്പാ ടെക്സ്റൈൽസ് കമ്പനി ലിമിറ്റഡ്, അളഗപ്പാനഗർ, പി. ഒ. തൃശ്ശൂർ	1500

LIBRARY ARCHIVES Kerala Legislative Assembly